## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 500 — 11.06.2013-ൽ മറുപടിയ്ക്ക്

### എന്റെ ഗ്രാമം തൊഴിൽദാന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>( ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ നേതൃത്വത്തിലുള്ള "എന്റെ ഗ്രാമം തൊഴിൽദാന പദ്ധതി" ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) & (ബി) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ ചേർത്തിരിക്കുന്നു.<br><br>1. സ്വയം തൊഴിൽ അധിഷ്ഠിതമായ ഗ്രാമ വ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.<br>2. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, അതിലൂടെ തൊഴിൽ രഹിതരായ യുവതിയുവാക്കൾക്ക് അവരവരുടെ പ്രദേശത്ത് തന്നെ തൊഴിൽ അവസരങ്ങൾ സംജാതമാക്കുക.<br>3. സ്ഥിരമായ തൊഴിൽ അവസരങ്ങളിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പുവരുത്തുക.<br>4. തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുകയും അതിലൂടെ അവരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും |

ചെയ്യുക.

5. ചെറുകിട വ്യവസായ മേഖലയ്ക്ക് കൂടുതൽ വായ്പകൾ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക.

| | |
|---|---|
| (സി) ഈ പദ്ധതി അനുസരിച്ച് ഏതെല്ലാം വിഭാഗക്കാർക്കാണ് സഹായം ലഭിക്കുന്നത്; | (സി) വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും ധർമ്മ സ്ഥാപനങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കുമാണ് ഈ പദ്ധതി അനുസരിച്ച് സഹായം ലഭിക്കുന്നത്. |
| (ഡി) പദ്ധതി അനുസരിച്ചുള്ള സബ്സിഡികളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) ഈ പദ്ധതി അനുസരിച്ച് ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് പദ്ധതി തുകയുടെ 25% വരെയും പിന്നോക്ക വിഭാഗക്കാർക്കും വനിതകൾക്കും 30% വരെയും പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്ക് 40% വരെയും മാർജിൻ മണി ഗ്രാന്റായി (സബ്സിഡി) നൽകുന്നു. |

സെക്ഷൻ ഓഫീസർ